# പതിനാലാം കേരള നിയമസഭ
# പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2140 — 11.02.2020 ൽ മറുപടിക്ക്

## എളവള്ളി ഫാമിലി ഹെൽത്ത് സെന്ററിന് ചുറ്റുമതിൽ

| ചോദ്യം<br>ശ്രീ.മുരളി പെരുനെല്ലി | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | എം.എൽ.എ.യുടെ പ്രത്യേക വികസന ഫണ്ട് (എസ്.ഡി.എഫ്.)-ൽ നിന്നും തുക വിനിയോഗിച്ച് മണലൂർ മണ്ഡലത്തിലെ എളവള്ളി ഫാമിലി ഹെൽത്ത് സെന്ററിന് ചുറ്റുമതിൽ നിർമ്മിക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ; | (എ) | എളവള്ളി പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ ചുറ്റുമതിൽ നിർമ്മിക്കുന്നതിനായി ബഹുമാനപ്പെട്ട മണലൂർ എം.എൽ.എ.യുടെ എൽ.എ.സി. - എസ്.ഡി.എഫ് പദ്ധതി പ്രകാരം 9 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതിന്റെ ചുമതല Cost Ford നെയാണ് ഏൽപ്പിച്ചിട്ടുള്ളത്. എന്നാൽ പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ അതിർത്തി സംബന്ധിച്ച് കൃത്യത ഇല്ലാത്തതിനാൽ പ്രസ്തുത എഗ്രിമെന്റ് ജില്ലാ മെഡിക്കൽ ഓഫീസറോ, മണലൂർ മെഡിക്കൽ ഓഫീസറോ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയതിൽ വ്യക്തത വരുത്തുന്നതിനുള്ള നടപടി മെഡിക്കൽ ഓഫീസർ, ജില്ലാ കളക്ടർ മുഖേന സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഈ പ്രവൃത്തി നിർവ്വഹിക്കുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകാമോ; | (ബി) & (സി) | കുടുംബാരോഗ്യ കേന്ദ്രം എളവള്ളിക്ക് 94 സെന്റ് സ്ഥലമാണ് ഉള്ളത്. സ്ഥാപനത്തിന്റെ അതിർത്തി സംബന്ധിച്ച് കൃത്യത ഇല്ലാത്തതിനാൽ ടി പ്രവൃത്തി ആരംഭിച്ചിട്ടില്ല. സ്ഥലത്തിന്റെ അതിർത്തി രേഖപ്പെടുത്തി കൊണ്ടുള്ള തഹസീൽദാർ-ന്റെ റിപ്പോർട്ട് ലഭ്യമായാൽ മാത്രമേ ടി വിഷയത്തിന്മേൽ നടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. സ്ഥലത്തിന്റെ അതിർത്തി രേഖപ്പെടുത്തുന്നതിനായി മെഡിക്കൽ ഓഫീസറുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ തഹസീൽദാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | പ്രസ്തുത തടസ്സം നീക്കി പ്രവൃത്തി ആരംഭിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചു എന്ന് വിശദമാക്കാമോ? | | |

Hari

സെക്ഷൻ ഓഫീസർ